കോസ്റ്റൽ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക്

ക്ലിപ്തം നമ്പർ 3036

കൊല്ലം

CR NO 479/13.12.2023

വായ്പാ നയം

കോസ്റ്റൽ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക്
ക്ലിപ്തം നമ്പർ - 3036, കൊല്ലം - 13

വായ്പാ നയം

1. കോസ്റ്റൽ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും നൽകുന്ന വായ്പകൾ സാധാരണഗതിയിൽ ഹ്രസ്വ/മദ്ധ്യം/ദീർഘ കാലങ്ങളിലേയ്ക്കുള്ളവയായിരിക്കും.

2. ബാങ്കിൽ നിന്നും അനുവദിക്കുന്ന എല്ലാ വായ്പകളും താഴെപറയുന്ന രീതിയിൽ ആയിരിക്കും.

   I) അൺ സെക്യൂർഡ് വായ്പകൾ

   II) സെക്യൂർഡ് വായ്പകൾ

   I) അൺ സെക്യൂർഡ് വായ്പകൾ: ബാങ്കിലെ മെമ്പർമാരുടെ പരസ്പര ജാമ്യത്തിലും സാലറി സർട്ടിഫിക്കറ്റിന്റെ ജാമ്യത്തിലും നൽകുന്ന വായ്പകൾ ഇതിൽ ഉൾപ്പെടും. ഇത്തരം വായ്പകൾ നൽകുന്നതിന് **റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ** കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന പരിധി ബാധകമായിരിക്കും. മുൻ സാമ്പത്തിക വർഷത്തെ മൊത്തം ആസ്തിയുടെ (total assets of previous year's audited balance sheet) 10% ത്തിൽ അധികരിക്കാത്ത വായ്പകൾ മാത്രമേ ഈ ഇനത്തിൽ ആകെ ബാക്കിനിൽപ്പ് ഉണ്ടാവാൻ പാടുള്ളൂ.

   II) സെക്യൂർഡ് വായ്പകൾ: ഇത്തരം വായ്പകൾക്ക് താഴെ പറയുന്ന ജാമ്യങ്ങൾ ഉണ്ടായിരിക്കണം.

   1) ഭൂമി, കെട്ടിടം, ഫ്ലാറ്റ് ഉൾപ്പെടെയുള്ള വസ്തു പണയം.

   2) വായ്പാതുക കൊണ്ട് ആർജ്ജിക്കുന്ന സ്ഥാവര ജംഗമ സ്വത്തുക്കളുടെ ഉറപ്പ്.

   3) സ്റ്റോക്ക്

   4) സ്വർണ്ണാഭരണങ്ങൾ

   5) ബാങ്കിലെ സ്ഥിര നിക്ഷേപ രസീതുകൾ എൻ. എസ്. സി., പോസ്റ്റ് ഓഫീസ്, എൽ. ഐ. സി. പോളിസി, ഗവൺമെന്റ് സെക്യൂരിറ്റികൾ മുതലായവ.

   6) സാലറി റിക്കവറി സർട്ടിഫിക്കറ്റ്

3. സാധാരണ ഗതിയിൽ വായ്പകൾ അനുവദിക്കുന്നത് ബാങ്കിലെ എ. ക്ലാസ് അംഗങ്ങൾക്കായിരിക്കും. എന്നാൽ സ്വർണ്ണപ്പണയ വായ്പകൾ അസോസിയേറ്റ്/നോമിനൽ മെമ്പർമാർക്കും അനുവദിക്കാവുന്നതാണ്.

4. ബാങ്കിലെ ഒരു അംഗത്തിന് വിവിധ വായ്പകളായി മുൻ സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റിലെ Tier - 1 ക്യാപിറ്റൽ ഫണ്ടിന്റെ 15%ത്തിൽ അധികരിക്കാത്ത തുക നൽകാവുന്നതാണ്.

5. ഗ്രൂപ്പ് ബോറോവേഴ്സിന് വിവിധ വായ്പകളിലായി മുൻ സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റിലെ Tier - 1 ക്യാപിറ്റൽ ഫണ്ടിന്റെ 25% ത്തിൽ അധികരിക്കാത്ത തുക ലോൺ നൽകാവുന്നതാണ്.

6. ബാങ്ക് അനുവദിക്കുന്ന എല്ലാത്തരം വായ്പകൾക്കും പ്രത്യേകമായ ഉപനിബന്ധനകൾ ഉണ്ടായിരിക്കും. എല്ലാ ഉപനിബന്ധനകളും ബാങ്ക് അംഗീകരിച്ച വായ്പാ നയത്തിന് അനുസൃതമായിട്ടായിരിക്കും. വായ്പകളിലെ പലിശ നിരക്ക് വായ്പ തുക എന്നിവ **സഹകരണസംഘം രജിസ്ട്രാറുടെയും റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ**യുടെയും കാലാകാലങ്ങളിലെ നിർദ്ദേശങ്ങൾക്ക് വിധേയമായി ബാങ്ക് ഭരണസമിതി നിശ്ചയിക്കും.

7. വായ്പകളിലെ പലിശ നിരക്ക് വായ്പാ തുക എന്നിവ **സഹകരണസംഘം രജിസ്ട്രാറുടെയും റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ**യുടെയും പൊതുനിർദ്ദേശങ്ങളും പ്രുഡൻഷ്യൽ നോർമ്സ് സംബന്ധിച്ച പ്രത്യേക നിർദ്ദേശങ്ങളും അനുസരിച്ചായിരിക്കും. അപേക്ഷകന്റെ ആവശ്യാനുസരണം വായ്പകളുടെ പലിശ FLOATING / DIMINISHING നിരക്കിൽ നൽകുന്നതാണ്. കൂടാതെ വായ്പകൾക്ക് EMI സൗകര്യം ഉണ്ടായിരിക്കുന്നതാണ്

8. വായ്പകളുടെ പ്രത്യേക ഉപനിബന്ധനകളിൽ സൂചിപ്പിക്കാത്തപക്ഷം കുടിശ്ശിക ആയ എല്ലാ വായ്പകളിലും 2% നിരക്കിൽ പിഴ പലിശ ഈടാക്കാവുന്നതാണ്. എന്നാൽ പിഴ പലിശ ഒഴിവാക്കാൻ ഭരണസമിതിക്ക് അധികാരമുണ്ടായിരിക്കും. ഇതിനുപുറമേ പ്രത്യേക വായ്പാ സെറ്റിൽമെന്റ് പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കാനും ഭരണസമിതിക്ക് അധികാരമുണ്ടായിരിക്കും.

9. എല്ലാത്തരം വായ്പകൾക്കുമുള്ള അപേക്ഷകൾ നിർദ്ദിഷ്ട ഫോമിൽ ബാങ്കിന്റെ ഹെഡ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ ഗോൾഡ് ലോൺ , ഡെപ്പോസിറ്റ് ലോൺ ഭരണസമിതി നിശ്ചയിക്കുന്ന മറ്റ് വായ്പകൾ എന്നിവ ബ്രാഞ്ചുകളിൽ നിന്നും നേരിട്ടു നൽകിയശേഷം തുടർന്നുള്ള ഭരണസമിതി യോഗത്തിൽ റാറ്റിഫൈ ചെയ്യേണ്ടതാണ്.

10. വായ്പാ അപേക്ഷകളിൽ നിയമാനുസൃതമായ പ്രോസസ്സിംഗ് ചാർജ്ജ്, നിയമ പരിശോധനാഫീസ്, സ്ഥല പരിശോധനാ ഫീസ്, അപ്രൈസർ ചാർജ്ജ്, ഇൻഷ്വുറൻസ് ചാർജ്ജ്, മറ്റു സർവ്വീസ് ചാർജ്ജുകൾ എന്നിവ നിശ്ചയിച്ച് ഈടാക്കുവാൻ ഭരണസമിതിക്ക് അധികാരമുണ്ടായിരിക്കും.

11. സമയാ സമയങ്ങളിൽ ബാങ്ക് നിർദ്ദേശിക്കുന്ന വിവരങ്ങൾ, കണക്കുകൾ, സ്റ്റേറ്റ്മെന്റുകൾ എന്നിവ സമർപ്പിക്കുവാൻ വായ്പക്കാരൻ ബാദ്ധ്യസ്ഥനായിരിക്കും. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന പക്ഷം മുൻകൂർ കണക്ക് അവസാനിപ്പിച്ച് വായ്പ തുക ഒന്നാകെ ഈടാക്കാൻ ബാങ്കിന് അവകാശം ഉണ്ടായിരിക്കും.

12. ബാങ്കിൽ നിന്നും അനുവദിച്ച വായ്പകളിലെ വിനിയോഗം സംബന്ധിച്ച പരിശോധന അതാത് ബ്രാഞ്ച് മാനേജർ നടത്തേണ്ടതും അത് ഹെഡ് ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

13. ബാങ്കിലേക്ക് പണയപ്പെടുത്തുന്ന വസ്തുക്കളുടെയും ഉപകരണങ്ങളുടെയും മറ്റു സ്വത്തുക്കളുടെയും പേരിലുള്ള എല്ലാ നികുതികളും ഇൻഷ്യുറൻസ് ചാർജ്ജുകളും യഥാസമയം അടയ്ക്കുവാൻ വായ്പക്കാരൻ ബാദ്ധ്യസ്ഥനാണ്.

14. അധിക ജാമ്യം ആവശ്യമെന്ന് തോന്നിയാൽ അത് ആവശ്യപ്പെടാൻ ബാങ്കിന് അധികാരം ഉണ്ടായിരിക്കും. ഇക്കാര്യത്തിൽ വായ്പക്കാരൻ വീഴ്ച വരുത്തിയാൽ മുൻകൂർ വായ്പ കണക്ക് അവസാനിപ്പിച്ച് വായ്പ ഈടാക്കാൻ ബാങ്കിന് അധികാരമുണ്ടായിരിക്കും.

15. ബാങ്കിൽ നിന്നും നൽകുന്ന വായ്പയുടെ പാസ്ബുക്ക് കൃത്യമായി സൂക്ഷിക്കാനും ബാങ്ക് ആവശ്യപ്പെടുമ്പോൾ ഹാജരാക്കാനും വായ്പക്കാരൻ ബാദ്ധ്യസ്ഥനാണ്. പാസ്ബുക്ക് നഷ്ടപ്പെട്ടാൽ നിശ്ചിതഫീസ് അടച്ച് ഡ്യൂപ്ലിക്കേറ്റ് പാസ്ബുക്ക് ആവശ്യപ്പെടാവുന്നതാണ്.

16. ബാങ്കിന്റെ എല്ലാ ശാഖകളിലും അതാത് ബ്രാഞ്ചിൽ കിട്ടുന്ന ലോൺ അപേക്ഷകളുടെ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കേണ്ടതാണ്.

17. ബാങ്കിന്റെ ഹെഡ് ഓഫീസിൽ കിട്ടുന്ന എല്ലാ വായ്പാ അപേക്ഷകൾക്കും ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. എല്ലാ അപേക്ഷകളും ആവശ്യമെങ്കിൽ നിയമോപദേശത്തിന് അയയ്ക്കേണ്ടതാണ്. അതിനുവേണ്ടുന്ന ചെലവുകൾ വായ്പക്കാരൻ വഹിക്കേണ്ടതാണ്.

18. പ്രത്യേക വായ്പ ഉപനിബന്ധനകളിൽ മറിച്ചു സൂചിപ്പിക്കാത്ത പക്ഷം എല്ലാ അപേക്ഷകളിലും വായ്പ വാങ്ങുന്നതിന് മുൻപായി ബാങ്കിന്റെ നിയമാവലിയിൽ പറഞ്ഞ പ്രകാരമുള്ള ഓഹരി എടുക്കേണ്ടതാണ്.

19. ബ്രാഞ്ചുകളിലേക്ക് അയയ്ക്കുന്ന അപേക്ഷകൾ 10 ദിവസത്തിനകം മാനേജരുടെ വ്യക്തമായ റിപ്പോർട്ടും ശുപാർശയോടുംകൂടി ഹെഡ് ഓഫീസിലേക്ക് അയയ്ക്കേണ്ടതാണ്. ശാഖകളിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ 20 ദിവസത്തിനകം തീരുമാനം എടുത്ത് അപേക്ഷകനെ അറിയിക്കേണ്ടതാണ്.

20. വസ്തു വകകൾ പണയപ്പെടുത്തുന്ന എല്ലാ വായ്പകളിലും ബാങ്ക് ശാഖാ മാനേജർമാർ വസ്തു നേരിട്ട് പരിശോധിച്ച് വില നിർണ്ണയിക്കുന്നതാണ്. പ്രത്യേക വായ്പയുടെ ഉപനിബന്ധനകളിൽ മറിച്ചു സൂചിപ്പിക്കാത്തപക്ഷം വസ്തുവിന്റെയും, വീടിന്റെയും വിലയുടെ , Market Value ന്റെ 50 % ൽ അധികരിക്കാത്ത തുകയെ വായ്പയായി അനുവദിക്കാവൂ. എന്നാൽ എല്ലാ വായ്പാ അപേക്ഷകളിലും വസ്തുവിന്റെ വില നിർണ്ണയിക്കുന്നതിനായി ബ്രാഞ്ചു മാനേജർമാർക്ക് പുറമേ നിശ്ചിത യോഗ്യതയുള്ള വാല്യൂവേറ്ററിനെ വില നിർണ്ണയത്തിനായി നിയോഗിക്കാവുന്നതാണ്. ഇതിനുള്ള ചെലവ് വായ്പക്കാരൻ വഹിക്കേണ്ടതാണ്.

(a) വസ്തുവകകൾ പണയപെടുത്തുന്ന എല്ലാ വായ്പകളിലും നിശ്ചിത യോഗ്യത ഉള്ള വാല്യൂറിനെ വില നിർണയത്തിനായി നിയോഗിക്കേണ്ടതും ഇതിനുള്ള ചെലവ് വായ്പക്കാരൻ വഹിക്കേണ്ടതുമാണ്

(b) 1 കോടിയും അതിനു മുകളിലുള്ള വായ്പകൾക്ക് 2 വാല്യൂറുമാരെ നിർബന്ധമായും നിയോഗിക്കേണ്ടതാണ്

(c) വാല്യൂവെറേറ്റുമാർ മറ്റു സ്വാധീനങ്ങൾക്കു വിധേയപ്പെടാതെയാണ് വാല്യൂയേഷൻ റിപ്പോർട്ട് തയ്യാറാക്കിയതെന്ന് വാല്യൂവേഷൻ റിപ്പോർട്ടിൽ രേഖപ്പെടുത്തേണ്ടതാണ്

(d) ബാങ്ക് മാനേജറുമാർ തങ്ങൾക്കു ലഭിച്ച അപേക്ഷയുടെയും വാല്യൂയേഷൻ റിപ്പോർട്ട് ന്റെയും അടിസ്ഥാനത്തിൽ വസ്തുവകകൾ നേരിട്ട് പരിശോധിക്കേണ്ടതും പ്രത്യേക വായ്പ ഉപനിബന്ധനകളിൽ മറിച്ചു സൂചിപ്പിക്കാത്ത പക്ഷം വസ്തുവിന്റെയും വീടിന്റെയും Market Value ന്റെ 50% വിലയുടെ അധികരിക്കാത്ത തുക വായ്പയായി അനുവദിക്കാവുന്നതാണ്

21. എല്ലാ അപേക്ഷകളിലും വായ്പക്കാരന്റെ തിരിച്ചടവ് ശേഷി, വിശ്വസ്തത എന്നിവ ബന്ധപ്പെട്ട ശാഖാ മാനേജർക്ക് ബോദ്ധ്യപ്പെടേണ്ടതാണ്, ആയത് അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതുമാണ്.

22. വായ്പകളിൽ യഥാസമയം തിരിച്ചടവുണ്ടാകുന്നു എന്ന ഉറപ്പ് വരുത്തേണ്ട ബാദ്ധ്യത ബന്ധപ്പെട്ട ശാഖാ മാനേജർക്ക് ഉണ്ടായിരിക്കും.

23. ബ്രാഞ്ചുകളിൽ നിന്നും അനുവദിക്കുന്ന സ്വർണ്ണപ്പണയ വായ്പകൾ, നിക്ഷേപ വായ്പകൾ തുടങ്ങിയവയുടെ വിശദവിവരങ്ങൾ മാസാവസാനം ഹെഡ് ഓഫീസിലേക്ക് അയയ്ക്കേണ്ടതും ഭരണസമിതി മുൻപാകെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതുമാണ്.

24. ബാങ്ക് അനുവദിക്കുന്ന എല്ലാ വായ്പകളിലും **റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ** കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന ഇൻകം റെക്കഗ്നേഷൻ ആന്റ് അസ്സെറ്റ് ക്ലാസിഫിക്കേഷൻ നോർമ്സ് ബാധകമായിരിക്കും.

25. ബാങ്കിലെ ഒരു അംഗത്തിന് ഒരേസമയം രണ്ടിൽ കൂടുതൽ പേർക്ക് ജാമ്യം നിൽക്കാൻ അവകാശമുണ്ടായിരിക്കുന്നതല്ല. എന്നാൽ Power of Attoney പ്രകാരമുള്ള ജാമ്യം നിൽക്കുന്നതോ സ്ഥാപനത്തിന്റെ അധികാരി എന്ന നിലയിൽ ജാമ്യം നിൽക്കുന്നതോ ഇതിന് ബാധകമല്ല.

26. ഓരോ ഇനം വായ്പയുടെയും ഉപനിബന്ധനകൾക്ക് വിധേയമായി കേന്ദ്ര, സംസ്ഥാന സർക്കാരിന്റെ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ദേശസാൽകൃത ബാങ്കുകൾ, വാണിജ്യ ബാങ്കുകൾ, സഹകരണ ബാങ്കുകൾ/ബാങ്കിന്റെ പ്രവർത്തന പരിധിയിലെ പ്രശസ്തമായ സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുമുള്ള ശമ്പള റിക്കവറി സർട്ടിഫിക്കറ്റുകൾ എന്നിവ വായ്പാക്കാരനിൽ നിന്നും ജാമ്യക്കാരനിൽ നിന്നും ഈടായി സ്വീകരിക്കാവുന്നതാണ്.

27. ബാങ്ക് നൽകുന്ന വായ്പകൾ അതാത് വായ്പകളുടെ നിബന്ധനകളിൽ സൂചിപ്പിക്കുന്ന പ്രകാരം ഒറ്റ ഗഡുവായോ ഒന്നിൽ കൂടുതൽ ഗഡുക്കളായോ വിതരണം ചെയ്യാൻ ബാങ്കിന് അധികാരമുണ്ടായിരിക്കും. പ്രത്യേക സാഹചര്യങ്ങളിൽ ഇതിൽ ഇളവ് ചെയ്തു നൽകാൻ ജനറൽ മാനേജർക്ക് അധികാരമുണ്ടായിരിക്കും.

28. ബാങ്ക് അനുവദിച്ച വായ്പകളിൽ കാലാകാലങ്ങളിൽ നിയമാനുസൃതം നിശ്ചയിച്ചിരിക്കുന്ന വ്യവസ്ഥകൾക്ക് അനുസൃതമായി പലിശ റിബേറ്റ് നൽകാൻ ബാങ്ക് ഭരണസമിതിക്ക് അധികാരമുണ്ടായിരിക്കും.

29. ബാങ്ക് നൽകുന്ന വായ്പകളിൽ വായ്പാ തിരിച്ചടവുകൾ, ഗഡുക്കൾ, കാലാവധി എന്നിവ നിശ്ചയിക്കുവാനും ആവശ്യമെങ്കിൽ പുനർ നിർണ്ണയിക്കുവാനും ബാങ്കിന് **സഹകരണസംഘം രജിസ്ട്രാറുടെയും റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ**യുടെയും നിബന്ധനകൾക്ക് വിധേയമായി അധികാരമുണ്ടായിരിക്കും. വായ്പകളിലെ തിരിച്ചടവ് തുല്യമാസ ഗഡുക്കളായോ മറ്റുതരത്തിലോ നിശ്ചയിക്കാൻ ബാങ്കിന് അധികാരമുണ്ടായിരിക്കും.

30. ബാങ്ക് അനുവദിക്കുന്ന വായ്പകൾ തിരികെ ഈടാക്കുന്നതിന് കേരള സംസ്ഥാന സഹകരണ സംഘം നിയമത്തിലേയും ചട്ടത്തിലേയും വ്യവസ്ഥകൾ പ്രകാരവും ഇന്ത്യാ ഗവൺമെന്റ് പുറപ്പെടുവിച്ച Securitisation and Reconstruction of Financial asset and Enforcement of Security interest Act 2002 പ്രകാരവും നടപടികൾ സ്വീകരിക്കാൻ ബാങ്കിന് അധികാരമുണ്ടായിരിക്കും.

31. **റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ**യുടെ നിബന്ധനകൾക്ക് വിധേയമായിട്ടായിരിക്കും ബാങ്കിലെ C . D Ratio കണക്കാക്കുന്നത്.

32. ഒരു അംഗത്തിനും വായ്പ ഒരു അവകാശമായി ആവശ്യപ്പെടാൻ കഴിയുന്നതല്ല.

33. ബാങ്ക് ഭരണസമിതി അംഗങ്ങൾക്കോ അവരുടെ അടുത്ത് ബന്ധുക്കൾക്കോ **റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ**യുടെ നിലവിലുള്ള നിർദ്ദേശങ്ങൾക്ക് വിധേയമായി ബാങ്കിൽ നിന്നും യാതൊരു വായ്പയും നൽകുന്നതല്ല.

34. N.P. A ആയി തുടരുന്ന എല്ലാ വായ്പകളിലും ബാങ്ക് നിയമനടപടികൾ സ്വീകരിക്കുന്നതാണ്. E.P/SARFAESI ആയതിനുശേഷം തിരിച്ചടയ്ക്കുന്ന വായ്പകൾക്ക് തിരിച്ചടവ് ശേഷി ബോദ്ധ്യപ്പെട്ടാൽ മാത്രം പുതിയ വായ്പ അനുവദിക്കാവുന്നതാണ്.

35. ബാങ്കിൽ നിന്നും വായ്പയെടുക്കുന്ന വ്യക്തിക്ക് SB A/c ഉണ്ടായിരിക്കേണ്ടതാണ്.

36. ബാങ്കിലെ ഏതൊരംഗത്തിനും ബാങ്കിലെ മെമ്പറായ ബന്ധുവിന് (അച്ഛൻ, അമ്മ, മക്കൾ, ഭാര്യ, ഭർത്താവ്, സഹോദരൻ/സഹോദരി) ബാങ്കിന്റെ പേരിൽ രജിസ്റ്റർ ചെയ്ത സ്പെഷ്യൽ പവർ ഓഫ് അറ്റോർണി പ്രകാരം വായ്പകൾക്ക് അപേക്ഷിക്കാവുന്നതാണ്.

37. 2 ലക്ഷത്തിനുമുകളിൽ വായ്പ എടുക്കുന്നവർക്ക് വായ്പക്കാരന്റെ തിരിച്ചടവ് ശേഷി തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കേണ്ടതാണ്.

38. വായ്പ അപേക്ഷകൾ പരിഗണിക്കുമ്പോൾ കുടുംബാംഗങ്ങളുടെ വരുമാനം കണക്കിലെടുക്കുന്ന പക്ഷം അത്തരം കുടുംബാംഗങ്ങളെ വായ്പയിൽ ജാമ്യക്കാരനായി ചേർക്കേണ്ടതാണ്.

39. ബാങ്കിലെ എല്ലാ വായ്പകൾക്കും Banking Regulation Act Sec 21 A ബാധകമായിരിക്കും. അതിനു പുറമെ സഹകരണസംഘം നിയമങ്ങളും ചട്ടങ്ങളും പ്രകാരമുള്ള എല്ലാ നിബന്ധനകളും **സഹകരണസംഘം രജിസ്ട്രാറുടെയും റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ**യുടെയും കാലാകാലങ്ങളിൽ ഉള്ള നിർദ്ദേശങ്ങളും എല്ലാ വായ്പകൾക്കും ബാധകമായിരിക്കും.

40. വാഹന വായ്പ നൽകുമ്പോൾ വായ്പാതുകയും മാർജിൻ ഡെപ്പോസിറ്റ് തുകയും കൂട്ടി ഡീലറുടെ പേരിൽ പേ ഓർഡർ, RTGS/NEFT നൽകേണ്ടതാണ്.

41. ഹൗസിംഗ് ലോണിൽ വായ്പയുടെ അവസാന ഗഡു തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും occupancy certificate / completion certificate ഹാജരാക്കിയതിനു ശേഷം മാത്രമേ ബ്രാഞ്ച് മാനേജർ നൽകാവൂ

43. ബാങ്കിന്റെ വായ്പാ നയം **സഹകരണസംഘം രജിസ്ട്രാറുടെയും റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ**യുടെയും കാലാകാലങ്ങളിലുള്ള നിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായിരിക്കും.

44. Rs 5,00,000/- മുകളിലുള്ള എല്ലാ വായ്പകളും അനുവദിക്കുമ്പോൾ CREDIT SCORE കൂടെ പരിഗണിക്കേണ്ടതാണ്

സ്വർണ്ണപ്പണയം (GL)

1. ബാങ്കിലെ 'A' ക്ലാസ് അംഗങ്ങൾക്കും നോമിനൽ/അസോസിയേറ്റ് അംഗങ്ങൾക്കും സ്വർണ്ണപ്പണയ വായ്പകൾ അനുവദിക്കാവുന്നതാണ്. Indian Bullion & Jewellers Association നിശ്ചയിക്കുന്ന വിലയുടെ monthly average ന്റെ 75% ൽ കവിയാത്ത നിരക്ക് അനുസരിച്ച് കൊടുക്കുന്ന വായ്പയാണ് ഗോൾഡ് ലോൺ വായ്പ. ഒരാൾക്ക് ബാങ്കിന്റെ മുൻ സാമ്പത്തിക വർഷത്തിലെ ബാലൻസ് ഷീറ്റിലെ Tier - 1 ക്യാപിറ്റൽ ഫണ്ടിന്റെ 15%ൽ അധികരിക്കാത്ത തുക ബാങ്കിൽ നിന്നും വായ്പകളായി നൽകാവുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ സ്വർണ്ണപ്പണയ വായ്പതുക ആനുപാതികമായി നിജപ്പെടുത്തി നൽകാവുന്നതാണ്.

2. സ്വർണ്ണപ്പണയ വായ്പകൾ അതാത് ബ്രാഞ്ച് മാനേജർമാർക്ക് അനുവദിക്കാവുന്നതാണ്. എന്നാൽ അടുത്ത ബോർഡ് യോഗത്തിൽ അത് റാറ്റിഫൈ ചെയ്യേണ്ടതാണ്.

3. ഒരു വായ്പയുടെ ബാദ്ധ്യത മുഴുവൻ തീർത്തല്ലാതെ പണയമായി വച്ചിട്ടുള്ള ഉരുപ്പടികൾ തിരിച്ചു കൊടുക്കാൻ പാടില്ല. കടം വായ്പക്കാരൻ ആവശ്യപ്പെടുന്നപക്ഷം തവണകളായി തുക അടയ്ക്കുന്നതിന് അനുവദിക്കാവുന്നതാണ്.

4. വായ്പ എടുക്കുന്ന അവസരത്തിൽ ഓരോ വായ്പക്കാരനും ബാങ്കിൽ നിന്നും വിവരം കാണിച്ച് കാർഡ് കൊടുക്കുന്നതാണ്. വായ്പ കണക്ക് അവസാനിപ്പിക്കുമ്പോൾ കാർഡിന്റെ മറുവശത്ത് ഒപ്പ് വച്ച് ബാങ്കിൽ തിരിച്ചേൽപ്പിക്കേണ്ടതാണ്.

5. വായ്പ കാലാവധിക്കുള്ളിൽ തിരിച്ചടയ്ക്കാതിരിക്കുകയോ കാലാവധി പരിഗണിക്കാതെ വായ്പ തിരിച്ചടയ്ക്കേണ്ടത് ആവശ്യമെന്ന് ബാങ്കിലെ ഡയറക്ടർ ബോർഡിന് ബോധ്യപ്പെടുകയോ ചെയ്താൽ വായ്പ തിരിച്ചടയ്ക്കുന്നതിന് ഒരാഴ്ച കാലാവധി വച്ച് നോട്ടീസ് അയയ്ക്കേണ്ടതും പ്രസ്തുത കാലാവധിക്കുള്ളിൽ വായ്പത്തുകയും പലിശയും ചിലവുകളും തിരിച്ചടയ്ക്കാത്ത പക്ഷം പണയ ഉരുപ്പടികൾ പരസ്യം ചെയ്ത് ലേലത്തിൽ വിൽക്കാവുന്നതും അപ്രകാരം വിറ്റുകിട്ടുന്ന തുകയിൽ നിന്നും കടം കണക്കവസാനിപ്പിക്കുന്നതിന് ആവശ്യമായി തുക എടുക്കാവുന്നതും ബാക്കി തുക ഉണ്ടെങ്കിൽ അത് വായ്പക്കാർക്ക് കൊടുക്കാവുന്നതും ആയത് ലേലതുക

മതിയാവാതെ വന്നാൽ വേണ്ട നടപടികൾ നടത്തി വായ്പക്കാരനിൽ നിന്നും ആവശ്യമായ തുക ഈടാക്കേണ്ടതുമാകുന്നു.

6. ബാങ്കിൽ പണയമായി വയ്ക്കുന്ന ഉരുപ്പടികൾ ബ്രാഞ്ചു മാനേജരും ക്യാഷറും കൂടി ഇരട്ടപൂട്ടിൽ സൂക്ഷിക്കേണ്ടതും മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഡയറക്ടർ അവർകളോ ഡയറക്ടർ ബോർഡ് നിയമിക്കുന്ന ഉപസമിതിയോ അംഗീകൃത അപ്രൈസറോ പരിശോധിച്ച് പരിശോധനാ വിവരം ബോർഡിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാകുന്നു.

7. പണയമായി സ്വീകരിക്കുന്ന സ്വർണ്ണത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും അതു പരിശോധിച്ച് അതിൽ കാഷ്യറും ബ്രാഞ്ച് മാനേജരും ഇടപാടുള്ള എല്ലാ ദിവസങ്ങളിലും ഒപ്പ് ഇടേണ്ടതു മാണ്.

8. ബാങ്ക് ഓഫീസിൽ സ്റ്റോക്കുള്ള സ്വർണ്ണ ഉരുപ്പടികൾ കാലാകാലങ്ങളിൽ മതിയായ തുകയ്ക്ക് ഇൻഷ്യൂർ ചെയ്യേണ്ടതുമാകുന്നു.

9. ബാങ്കിലേക്ക് പണയമായി സ്വീകരിക്കുന്ന സ്വർണ്ണ ഉരുപ്പടികളുടെ മാറ്റിലോ തൂക്കത്തിലോ വില നിശ്ചയിക്കുന്നതിലോ ഏതെങ്കിലും പിശക് പറ്റി, അത് മൂലം ബാങ്കിനുണ്ടാകുന്ന നഷ്ടങ്ങൾക്ക് ജോയിന്റ് കസ്റ്റോഡിയൻമാർ ഉത്തരവാദി ആയിരിക്കുന്നതാണ്. പണയ ഉരുപ്പടികൾ വായ്പക്കാരന്റെ സ്വന്തമാണെന്ന് ബോദ്ധ്യപ്പെടുത്തേണ്ടതാണ്. സ്വർണ്ണപ്പണയ വായ്പയുടെ പലിശ നിരക്ക്, വായ്പ തുക എന്നിവ അതാത് കാലങ്ങളിൽ **സഹകരണസംഘം രജിസ്ട്രാറുടെയും റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെയും** നിർദ്ദേശങ്ങൾക്ക് വിധേയമായി ഭരണസമിതി തീരുമാനിക്കുന്നതായിരിക്കും. മിനിമം പലിശ 7 ദിവസത്തേക്ക് ഈടാക്കുന്നതായിരിക്കും. ബാങ്കിലേക്ക് പണയപ്പെടുത്തിയ ഉരുപ്പടികളുടെ പേരിലുള്ള ഇൻഷുറൻസ് ചാർജ്ജുകൾ യഥാസമയം വായ്പാക്കാരൻ അടയ്ക്കേണ്ടതാണ്

മദ്ധ്യകാല വായ്പ–മീഡിയം ടേം ലോൺ (MTL)

1. മത്സ്യബന്ധനവുമായി ബന്ധപ്പെട്ട ഏതൊരു എ ക്ലാസ് അംഗങ്ങൾക്കും വള്ളവും വലയും മറ്റ് മത്സ്യബന്ധന ഉപകരണങ്ങളും വാങ്ങുന്നതിനും നടത്തിപ്പിനുമായി വായ്പ നൽകുന്നതാണ്.
2. വായ്പയുടെ പരമാവധി കാലാവധി 60 മാസമായിരിക്കും.
3. പലിശനിരക്ക്, വായ്പതുക എന്നിവ സഹകരണസംഘം രജിസ്ട്രാറുടെയും റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെയും നിർദ്ദേശങ്ങൾക്കു വിധേയമായി ബാങ്ക് ഭരണസമിതി തീരുമാനിക്കുന്നതായിരിക്കും.
4. ജാമ്യമായി വള്ളവും വലയും മത്സ്യബന്ധന ഉപകരണങ്ങൾ എന്നിവ നൽകേണ്ടതാണ്.
5. ഓഹരി അനുപാതം ബാങ്ക് ബൈല പ്രകാരം.

സ്പെഷ്യൽ വായ്പ (SPL)

1. ബാങ്കിലെ 'A' ക്ലാസ് അംഗങ്ങൾക്ക് മത്സ്യക്കച്ചവടം, സ്വയം തൊഴിൽ, സംരംഭങ്ങൾ, സ്വയം തൊഴിലിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന കൂട്ടായ്മകളുടെ ബിസിനസ് പുരോഗതി എന്നിവയ്ക്കു വേണ്ടി വായ്പ നൽകാവുന്നതും അതിന് ബാങ്ക് നിശ്ചയിക്കുന്ന ഫോറത്തിൽ അപേക്ഷിക്കേണ്ടതുമാണ്.
2. വായ്പാ കാലാവധി–36 മുതൽ 60 മാസം വരെ.
3. പലിശനിരക്ക്, വായ്പതുക എന്നിവ സഹകരണസംഘം രജിസ്ട്രാറുടെയും റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെയും നിർദ്ദേശങ്ങൾക്കു വിധേയമായി ബാങ്ക് ഭരണസമിതി നിശ്ചയിക്കുന്നതാണ്.

4. അംഗങ്ങളായ മറ്റ് രണ്ട് പേരുടെ ജാമ്യം ആവശ്യമാണ്.

5. മൂന്നോ അതിൽ കൂടുതലോ അംഗങ്ങളുടെ ഗ്രൂപ്പുകളായി ലോൺ നൽകാവുന്നതും കൃത്യമായ തിരിച്ചടവിന്റെ ഉത്തരവാദിത്വം ഗ്രൂപ്പ് ലീഡറായി തെരഞ്ഞെടുക്കപ്പെടുന്ന അംഗം നിർവ്വഹിക്കേണ്ടതുമാണ്.

6. ഓഹരി അനുപാതം ബാങ്ക് ബൈലാ പ്രകാരം.

ബിസിനസ് ലോൺ (BL)

1. ബാങ്കിലെ 'A' ക്ലാസ്സ് അംഗങ്ങൾക്ക് ചെറുകിട കച്ചവടം, മത്സ്യകച്ചവടം, സ്വയംതൊഴിൽ എന്നീ ആവശ്യങ്ങൾക്ക് വായ്പ നൽകാവുന്നതാണ്.

2. വായ്പാ കാലാവധി 6 മുതൽ 60 മാസം വരെ.

3. പലിശനിരക്ക്, വായ്പതുക എന്നിവ സഹകരണസംഘം രജിസ്ട്രാറുടെയും റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെയും നിർദ്ദേശങ്ങൾക്കു വിധേയമായി ബാങ്ക് ഭരണസമിതി നിശ്ചയിക്കുന്നതാണ്.

4. അംഗങ്ങളായ മറ്റു രണ്ടുപേരുടെ ജാമ്യം ആവശ്യമാണ്.

5. വായ്പക്കാരൻ ബന്ധപ്പെട്ട തൊഴിൽ മേഖലയിൽ ഏർപ്പെട്ടിട്ടുള്ള ആളാണെന്ന് മാനേജർ ഉറപ്പു വരുത്തേണ്ടതാണ്. വായ്പ തിരിച്ചടവിനുള്ളശേഷി വിലയിരുത്തേണ്ടതാണ്.

6. ഓഹരി അനുപാതം ബാങ്ക് ബൈലാ പ്രകാരം

പേഴ്സണൽ ലോൺ (PL)

1. ഗവൺമെന്റ് ജീവനക്കാർ, അദ്ധ്യാപകർ, എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർ/ഓഫീസ് ജീവനക്കാർ, സഹകരണ ബാങ്ക്/സ്ഥാപനങ്ങളിലെ ജീവനക്കാർ എന്നിവർക്ക് വ്യക്തിപരമായ ആവശ്യങ്ങൾക്കായി സാലറി റിക്കവറി സർട്ടിഫിക്കറ്റിന്റെ ഉറപ്പിന്മേൽ വായ്പ നൽകുന്നതാണ്.

2. അപേക്ഷകനെ കൂടാതെ ഒരു ആൾ ജാമ്യം നൽകേണ്ടതാണ്.

3. അപേക്ഷകന്റെ മൊത്തം സാലറി തുകയുടെ 30% വരുന്ന തുക മിച്ചം സാലറിയിൽ നിന്ന് കുറവ് ചെയ്ത് കിട്ടുന്ന തുകയുടെ 20 ഇരട്ടി വരെ ലോണായി നൽകാവുന്നതാണ്.

4. വായ്പ കാലാവധി 60 മാസം വരെ.

5. പലിശനിരക്ക്, വായ്പതുക എന്നിവ സഹകരണസംഘം രജിസ്ട്രാറുടെയോ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെയോ നിർദ്ദേശങ്ങൾക്കു വിധേയമായി ബാങ്ക് ഭരണസമിതി നിശ്ചയിക്കുന്നതാണ്.

6. അപേക്ഷകൻ സ്ഥിരജീവനക്കാരനായിരിക്കണം. മറ്റു ധനകാര്യസ്ഥാപനങ്ങളുടെ റിക്കവറി ഉണ്ടായിരിക്കാൻ പാടില്ല.

7. ഓഹരി അനുപാതം ബാങ്ക് ബൈലാ പ്രകാരം.

സാലറി സർട്ടിഫിക്കറ്റ് സെക്യൂരിറ്റി ലോൺ (SCSL)

1. ബാങ്കിലെ 'A' ക്ലാസ് അംഗത്തിന് ബിസിനസ് ആവശ്യത്തിനോ വ്യക്തിപരമായ ആവശ്യത്തിനോ വേണ്ടി ഒന്നോ അതിൽ കൂടുതലോ അദ്ധ്യാപകരുടെയോ, ഗവൺമെന്റ് ജീവനക്കാരുടെയോ സാലറി റിക്കവറി സർട്ടിഫിക്കറ്റിന്റെ ജാമ്യത്തിന്മേൽ ഈ വായ്പ അനുവദിക്കാവുന്നതാണ്.

2. ജാമ്യക്കാരുടെ മൊത്തം സാലറി തുകയുടെ 30% വരുന്ന തുക മിച്ചം സാലറിയിൽ നിന്ന് കുറവ് ചെയ്ത് കിട്ടുന്ന തുകയുടെ 20 ഇരട്ടിവരെ ലോണായി നൽകാവുന്നതാണ്.

3. വായ്പ കാലാവധി 60 മാസം വരെ.

4. പലിശനിരക്ക്, വായ്പതുക എന്നിവ സഹകരണസംഘം രജിസ്ട്രാറുടെയും റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെയും നിർദ്ദേശങ്ങൾക്കു വിധേയമായി ബാങ്ക് ഭരണസമിതി നിശ്ചയിക്കുന്നതായിരിക്കും.

5. ജാമ്യക്കാർ സ്ഥിരജീവനക്കാരായിരിക്കണം. മറ്റു ധനകാര്യ സ്ഥാപനങ്ങളുടെ റിക്കവറിയുള്ള സാലറി സർട്ടിഫിക്കറ്റുകൾ സ്വീകരിക്കാൻ പാടില്ല.

6. അപേക്ഷകർ തിരിച്ചടവിനുള്ള ശേഷി ഉള്ളയാളായിരിക്കണം. ഇത് ബ്രാഞ്ച് മാനേജർ വിലയിരുത്തേണ്ടതാണ്.

7. ഓഹരി അനുപാതം ബാങ്ക് ബൈലാ പ്രകാരം.

കോസ്റ്റൽ ടീച്ചേഴ്സ് ലോൺ (CTL) / കോസ്റ്റൽ എംപ്ലോയീസ് ലോൺ (CEL)

1. ഗവൺമെന്റ്/സ്വകാര്യ മാനേജ്മെന്റ് കീഴിലുള്ള സ്കൂളുകളിലെ അധ്യാപകർക്കും മറ്റു ജീവനക്കാർക്കും പേഴ്സണൽ ആവശ്യങ്ങൾക്കായി സാലറി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വായ്പ നൽകുന്ന പദ്ധതിയാണിത്.

2. അപേക്ഷകനെ കൂടാതെ അംഗങ്ങളായ മറ്റു രണ്ടു ജീവനക്കാരുടെ ജാമ്യം നൽകേണ്ടതും അപേക്ഷകനും ജാമ്യക്കാരും ഏറ്റവും കുറഞ്ഞത് 2 വർഷത്തിൽ കുറയാതെ സർവ്വീസ് പൂർത്തീകരിച്ചവരുമായിരിക്കണം.

3. അപേക്ഷകന്റെ ശമ്പളം ബാങ്കിലെ SB A/c വഴി ലോൺ ഇൻസ്റ്റാൾമെന്റുകൾ തിരിച്ചടയ്ക്കാനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയോ അപേക്ഷകന്റെ പക്കൽ നിന്നും ചെക്കുകൾ ഒപ്പിട്ടു വാങ്ങി സൂക്ഷിക്കുകയോ മറ്റു ബാങ്കുകളുടെ SB A/c ൽ നിന്നും ലോൺ ഇൻസ്റ്റാൾമെന്റുകൾ ഈടാക്കുന്നതിനുള്ള മാർഗ്ഗങ്ങളോ സ്വീകരിക്കാവുന്നതാണ്. ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർ/ജീവനക്കാരിൽ നിന്നും സാലറി റിക്കവറി അണ്ടർടേക്കിംഗ് സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്.

4. കാലാവധി – 60 മാസം വരെ

5. പലിശനിരക്ക്, വായ്പതുക എന്നിവ സഹകരണസംഘം രജിസ്ട്രാറുടെയും റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെയും നിർദ്ദേശങ്ങൾക്കു വിധേയമായി ബാങ്ക് ഭരണസമിതി നിശ്ചയിക്കും.

6. ഓഹരി അനുപാതം ബാങ്ക് ബൈലാ പ്രകാരം.

7. അപേക്ഷകന്റെ തിരിച്ചടവിനുള്ള ശേഷി കണക്കാക്കി അതിന്റെ അടിസ്ഥാനത്തിലായിരിക്കണം വായ്പ തുക നിശ്ചയിക്കേണ്ടത്. ഇതിന്റെ ഉത്തരവാദിത്വം ബ്രാഞ്ച് മാനേജർമാർക്കായിരിക്കും.

കോസ്റ്റൽ പ്രൊഫഷണൽ ലോൺ (CPL)

1. ഡോക്ടേഴ്സ്, എഞ്ചിനീയേഴ്സ്, ചാർട്ടേർഡ് അക്കൗണ്ടന്റ്സ്, ആർക്കിടെക്ച്ചേഴ്സ്, പൊതുമേഖലാ സ്ഥാപനങ്ങളിലെ ഓഫീസർമാർ, സർക്കാർ ഗസറ്റഡ് ഓഫീസർമാർ, ഗവൺമെന്റ്/എയ്ഡഡ് കോളേജ് ലക്ചറേഴ്സ്, പ്ലസ്ടു ടീച്ചേഴ്സ്, ബാങ്ക് എംപ്ലോയീസ് എന്നിവർക്ക് പേഴ്സണൽ ആവശ്യങ്ങൾക്ക് അനുവദിക്കുന്ന വായ്പാ പദ്ധതിയാണിത്. അപേക്ഷകനെ കൂടാതെ ഒരു അംഗത്തിന്റെ ജാമ്യം മതിയാകും.

2. അപേക്ഷകൻ തന്റെ വരുമാന സംബന്ധമായി ഇൻകംടാക്സ് ഓഫീസിൽ നൽകുന്ന സ്റ്റേറ്റ്മെന്റിന്റെ തൻവർഷത്തെയും മുൻവർഷത്തെയും റിട്ടേണിന്റെ കോപ്പിയും പ്രൊഫഷൻ

തെളിയിക്കുന്ന ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിന്റെ ഡിഗ്രി/ഡിപ്ലോമ സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും വായ്പ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

3. കോളേജ് അദ്ധ്യാപകർ, പ്ലസ്ടു അദ്ധ്യാപകർ, ബാങ്ക് ജീവനക്കാർ, പൊതുമേഖലാ സ്ഥാപനത്തിലെ ആഫീസർമാർ എന്നിവർ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നും സാലറി റിക്കവറി അണ്ടർടേക്കിംഗ് എഗ്രിമെന്റ് സർട്ടിഫിക്കറ്റ് കൂടി ഹാജരാക്കണം.
4. വായ്പ കാലാവധി – 60 മാസം വരെ
5. വായ്പ തുക, പലിശനിരക്ക് എന്നിവ സഹകരണസംഘം രജിസ്ട്രാറുടെയും റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെയും നിർദ്ദേശങ്ങൾക്കു വിധേയമായി ബാങ്ക് ഭരണസമിതി നിശ്ചയിക്കുന്നതാണ്.
6. അപേക്ഷകന്റെ പക്കൽ നിന്നും ചെക്കുകൾ ഒപ്പിട്ടുവാങ്ങി സൂക്ഷിക്കുകയോ, മറ്റ് ബാങ്കുകളുടെ അക്കൗണ്ടിൽ നിന്നും ലോൺ ഇൻസ്റ്റാൾമെന്റുകൾ ഈടാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുകയോ ചെയ്യാവുന്നതാണ്.
7. അപേക്ഷകന്റെ തിരിച്ചടവിനുള്ള ശേഷി കണക്കാക്കി അതിന്റെ അടിസ്ഥാനത്തിലായിരിക്കണം വായ്പ തുക നിശ്ചയിക്കേണ്ടത്. ഇതിന്റെ ഉത്തരവാദിത്വം ബ്രാഞ്ച് മാനേജർമാർക്കായിരിക്കും.
8. ഓഹരി അനുപാതം ബാങ്ക് ബൈലാ പ്രകാരം.

വാഹനവായ്പ (VL)

1. ബാങ്കിലെ 'A' ക്ലാസ് മെമ്പർമാർക്ക് പുതിയ വാഹനം വാങ്ങുന്നതിനുവേണ്ടി നൽകുന്ന വായ്പ.
2. വാഹനവിലയുടെ 85% വരെ വായ്പ നൽകാവുന്നതാണ്.
3. വായ്പ കാലാവധി 36 മാസം മുതൽ 84 മാസം വരെ ആയിരിക്കും.
4. ഓഹരി അനുപാതം ബാങ്ക് ബൈലാപ്രകാരം.
5. പലിശനിരക്ക്, വായ്പതുക എന്നിവ അതാത് കാലങ്ങളിൽ സഹകരണസംഘം രജിസ്ട്രാറുടെയും റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെയും നിർദ്ദേശങ്ങൾക്ക് വിധേയമായി ഭരണസമിതി തീരുമാനിക്കുന്നതാണ്.
6. തിരിച്ചടവ് പ്രതിമാസ ഗഡുക്കൾ ആയിരിക്കും.
7. **ജാമ്യം:–**

1) Rs. 200000/ വരെ

വാങ്ങുന്ന വാഹനത്തിന്റെ പണയം + ഒരു ആൾ ജാമ്യം

2) Rs. 200000/ ന് മുകളിൽ

വാങ്ങുന്ന വാഹനത്തിന്റെ പണയം + മതിയായ സാലറി റിക്കവറി അണ്ടർടേക്കിംഗ് സർട്ടിഫിക്കറ്റ്/ മതിയായ FD + ഒരു ആൾ ജാമ്യം. (മൊത്തം സാലറിയുടെ 40% തുക മിച്ചം സാലറിയിൽ നിന്ന് കുറച്ചുകിട്ടുന്ന സാലറിയുടെ 20 ഇരട്ടിവരെ വായ്പ അനുവദിക്കാവുന്നതാണ് ഉദ്യോഗസ്ഥരുടെ സാലറി റിക്കവറി സർട്ടിഫിക്കറ്റ് ജാമ്യമായി സ്വീകരിക്കാവുന്നതാണ്.)

അല്ലെങ്കിൽ

വാങ്ങുന്ന വാഹനത്തിന്റെ പണയം + ആൾ ജാമ്യം.+ അപേക്ഷകന്റെ income tax return ൽ നൽകുന്ന net income ത്തിന്റെ 4 ഇരട്ടി വരെ വായ്പ അനുവദിക്കാവുന്നതാണ്

8. വാഹനത്തിന്റെ ഇൻഷ്വറൻസ് ലോൺ കാലാവധി തീരുന്നതുവരെ നിർബന്ധമായും ഉടമയുടെ ചെലവിൽ പുതുക്കി വാങ്ങേണ്ടതാണ്.

9. ആവശ്യമെങ്കിൽ ഉടമയുടെ പക്കൽനിന്നും ചെക്കുകൾ വാങ്ങി സൂക്ഷിക്കുകയോ SB A/cൽ നിന്നും ഇൻസ്റ്റാൾമെന്റുകൾ ഈടാക്കുന്നതിനുള്ള മറ്റു മാർഗ്ഗങ്ങളോ സ്വീകരിക്കാവുന്നതാണ്.

10. ജാമ്യം നിൽക്കുന്ന വ്യക്തിയുടെ സാലറി റിക്കവറി സർട്ടിഫിക്കറ്റ്, ഫിക്സഡ് ഡിപ്പോസിറ്റ്, ഭൂസ്വത്ത് എന്നിവ ഈടാക്കി സ്വീകരിക്കാവുന്നതാണ്.

11. വാഹനം ബാങ്കിന്റെ പേരിൽ ഹൈപ്പോത്തിക്കേറ്റ് ചെയ്ത് നൽകേണ്ടതാണ്.

നോൺ പ്രൊഡക്ടീവ് മീഡിയം ടേം ലോൺ (NPMTL) (Consumer Loan)

1. ബാങ്കിലെ 'A' ക്ലാസ് അംഗങ്ങൾക്ക് ഗൃഹോപകരണങ്ങൾ, ഫർണീച്ചർ എന്നിവ വാങ്ങുന്നതിന് നൽകുന്ന വായ്പയാണിത്.

2. ഉപകരണത്തിന്റെ/ഫർണീച്ചറിന്റെ വിലയുടെ 90% വരെ.

3. വായ്പ കാലാവധി – 60 മാസം വരെ

4. ഓഹരി അനുപാതം –ബാങ്ക് ബൈലാ പ്രകാരം

5. പലിശനിരക്ക്, വായ്പതുക എന്നിവ അതാത് കാലങ്ങളിൽ സഹകരണസംഘം രജിസ്ട്രാറുടെയും റിസർവ്വ് ബാങ്കിന്റെയും നിർദ്ദേശങ്ങൾക്കു വിധേയമായി ബാങ്ക് ഭരണസമിതി നിശ്ചയിക്കുന്നതാണ്.

6. തിരിച്ചടവ് പ്രതിമാസ ഗഡുക്കൾ ആയിരിക്കും.

7. **ജാമ്യം: –**

   1) Rs. 100000/ രൂപ വരെ ഉപകരണത്തിന്റെ/ഫർണീച്ചറിന്റെ ജാമ്യം + മതിയായ ആൾ ജാമ്യം.

   2) Rs. 100000/ ത്തിനു മുകളിൽ ഉപകരണത്തിന്റെ/ഫർണീച്ചറിന്റെ ജാമ്യം + ഉപകരണത്തിന്റെ ഫർണീച്ചറിന്റെ വിലയ്ക്ക് തത്തുല്യമായ തുകയ്ക്കുള്ള ഉദ്യോഗസ്ഥന്മാരുടെ സാലറി റിക്കവറി അണ്ടർടേക്കിംഗ് സർട്ടിഫിക്കറ്റ് അല്ലെങ്കിൽ ഫിക്സഡ് ഡിപ്പോസിറ്റ്. + മതിയായ ആൾ ജാമ്യം

8. മൊത്തം സാലറിയുടെ 40% തുക മിച്ചം സാലറിയിൽ നിന്ന് കുറച്ചുകിട്ടുന്ന സാലറിയുടെ 20 ഇരട്ടിവരെ ഉദ്യോഗസ്ഥരുടെ സാലറി റിക്കവറി സർട്ടിഫിക്കറ്റ് ജാമ്യമായി സ്വീകരിക്കാവുന്നതാണ്.

9. ജാമ്യം നിൽക്കുന്ന വ്യക്തിയുടെ സാലറി റിക്കവറി അണ്ടർടേക്കിംഗ് സർട്ടിഫിക്കറ്റോ ഫിക്സഡ് ഡിപ്പോസിറ്റോ ജാമ്യമായി സ്വീകരിക്കാവുന്നതാണ്.

10. അപേക്ഷകന്റെ തിരിച്ചടവിനുള്ള ശേഷി വിലയിരുത്തേണ്ടതാണ്.

Ordinary Loan സാധാരണ ലോൺ (OL)

ബാങ്കിലെ 'A' ക്ലാസ് അംഗങ്ങൾക്ക് വിവിധ ആവശ്യങ്ങൾക്കായി വസ്തുപണയത്തിന്മേൽ നൽകുന്ന വായ്പകൾ.

1. കാലാവധി – 15 വർഷം വരെ

(ജോലി, വരുമാനം, പ്രായം, റിട്ടയർമെന്റ് തീയതി എന്നിവ പരിഗണിച്ച് ലോൺ കാലാവധി നിശ്ചയിക്കേണ്ടതാണ്.)

5. ജാമ്യം നിൽക്കുന്ന വ്യക്തിയുടെ വസ്തു ജാമ്യമായി സ്വീകരിച്ച് ഓവർഡ്രാഫ്റ്റ് നൽകാവുന്നതാണ്.

6. തിരിച്ചടവ് ഉറപ്പുവരുത്തുന്നതിന് ആവശ്യമെങ്കിൽ അപേക്ഷകന്റെയോ ജാമ്യക്കാരന്റെയോ സാലറി റിക്കവറി അണ്ടർടേക്കിംഗ് സർട്ടിഫിക്കറ്റ്, അപേക്ഷകന്റെ ചെക്ക് ബുക്ക് എന്നിവ വാങ്ങേണ്ടതാണ്.

7. ജാമ്യവസ്തുവിന്റെ മതിപ്പുവില കണക്കാക്കുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്വം അതാത് ബ്രാഞ്ചുകളിലെ മാനേജർമാർക്കായിരിക്കും.

8. അപേക്ഷകൻ ബിസിനസ്സ് സംബന്ധമായ രേഖകൾ ഹാജരാക്കേണ്ടതാണ്

Secured OD വായ്പകൾക്ക് നൽകേണ്ട രേഖകൾ

1. വസ്തുവിനെ സംബന്ധിച്ചുള്ള എല്ലാ രേഖകളും ഹാജരാക്കണം.
2. ഒറിജിനൽ പ്രമാണം
3. മുൻപ്രമാണം ഒറിജിനൽ/ഫോട്ടോസ്റ്റാറ്റ് കോപ്പി
4. തൻവർഷത്തെ വസ്തുകരം, കെട്ടിടക്കരം എന്നിവ അടച്ച രസീത്.
5. 30 വർഷത്തെ ബാദ്ധ്യത സർട്ടിഫിക്കറ്റ്, ലീഗൽ സർട്ടിഫിക്കറ്റ്.
6. വില്ലേജ് ഓഫീസിൽനിന്നും കൈവശം & നോൺ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ്, ലൊക്കേഷൻ സർട്ടിഫിക്കറ്റ് & സ്കെച്ച്.
7. 5 ലക്ഷം മുതൽ ലോൺ കൊടുക്കുന്നതിന് അംഗീകൃത വാല്യൂറ്ററുടെ സർട്ടിഫിക്കറ്റ് ആവശ്യമാണ്.
8. ബോർഡ് നിശ്ചയിക്കുന്ന ആവശ്യമായ ഫീസ് അടയ്ക്കണം.

ഭവന വായ്പ (HL)

ബാങ്കിലെ 'A' ക്ലാസ് അംഗങ്ങൾക്ക് പുതിയ വീട് നിർമ്മിക്കുന്നതിനോ നിലവിലുള്ള വീട് നവീകരിക്കുന്നതിനോ പുനർനിർമ്മിക്കുന്നതിനോ നൽകുന്ന വായ്പകൾ.

1. എസ്റ്റിമേറ്റിന്റെ 80% മോ, എസ്റ്റിമേറ്റിന്റെയും വസ്തുവിന്റെ വിലയുടെയും ആകെ തുകയുടെ 60% മോ, ഏതാണോ കുറവ് അത് വായ്പയായി നൽകാവുന്നതാണ്.
   a) എസ്റ്റിമേറ്റ് ബാങ്കിന്റെ approved വാല്യൂവർ counter sign ചെയ്തു വാങ്ങിക്കണം
2. കാലാവധി – 20 വർഷം വരെ

   (ജോലി, വരുമാനം, പ്രായം, റിട്ടയർമെന്റ് തീയതി എന്നിവ പരിഗണിച്ച് ലോൺ കാലാവധി നിശ്ചയിക്കേണ്ടതാണ്.)
3. ഓഹരി അനുപാതം ബാങ്ക് ബൈലാ പ്രകാരം
4. തിരിച്ചടവ് – പ്രതിമാസ ഗഡുക്കൾ
5. പലിശനിരക്ക് വായ്പാതുക എന്നിവ സഹകരണസംഘം രജിസ്ട്രാറുടെയും റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെയും നിബന്ധനകൾക്ക് വിധേയമായി ബാങ്ക് ഭരണസമിതി നിശ്ചയിക്കും.

6. ജാമ്യം – നിർദ്ദിഷ്ടവസ്തു, ഒരംഗത്തിന്റെ ജാമ്യം കൂടി ഹാജരാക്കണം. അപേക്ഷകൻ ഉദ്യോഗ സ്ഥനാണെങ്കിൽ ശമ്പള സർട്ടിഫിക്കറ്റ് കൂടി ഹാജരാക്കേണ്ടതാണ്. സാധാരണ നിലയിൽ വസ്തു ഈടിന്മേലുള്ള വായ്പയ്ക്ക് ഹാജരാക്കുന്ന രേഖകൾക്കുപുറമേ താഴെപ്പറയുന്ന രേഖകൾ ഹാജ രാക്കേണ്ടതാണ്.

   1) തദ്ദേശ സ്വയംഭരണ സ്ഥാപനം അംഗീകരിച്ച് സാക്ഷ്യപ്പെടുത്തിയ പ്ലാനും സമ്മതപത്രവും.

   2) അംഗീകൃത ലൈസൻസ് ഉള്ള എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ എസ്റ്റിമേറ്റ്.

7. വായ്പാവിതരണം – ഒന്നാം ഗഡുവായ്പയുടെ 25% രണ്ടാം ഗഡുവായ്പയുടെ 50% മൂന്നാം ഗഡു വീടുപണി പൂർത്തിയാകുമ്പോൾ വായ്പയുടെ 25% വായ്പയുടെ ഓരോ ഗഡുവും അനുവദിക്കു ന്നതിനുമുമ്പായി ബന്ധപ്പെട്ട മാനേജർമാർ ഭവനനിർമ്മാണ പുരോഗതി വിലയിരുത്തി സർട്ടിഫി ക്കറ്റ് നൽകേണ്ടതാണ്.

റെഡി ബിൽറ്റ് ഹൗസിംഗ് ലോൺ (RBHL)

ബാങ്കിലെ 'A' ക്ലാസ് അംഗങ്ങൾക്ക് വീടും സ്ഥലവും , ഫ്ലാറ്റ് വാങ്ങുന്ന ആവശ്യത്തിന് നൽകുന്ന വായ്പകൾ.

1. പ്രമാണത്തിൽ കാണിച്ചിട്ടുള്ള വിലയുടെ 80% മോ VALUATION ന്റെ 60 % മോ ഏതാണോ കുറവ് ആ തുക വായ്പയായി അനുവദിക്കാവുന്നതാണ്.

2. കാലാവധി – 20 വർഷം വരെ

   (ജോലി, വരുമാനം, പ്രായം, റിട്ടയർമെന്റ് തീയതി എന്നിവ പരിഗണിച്ച് കാലാവധി നിശ്ചയിക്കേ ണ്ടതാണ്.)

3. പലിശനിരക്ക്, വായ്പാതുക എന്നിവ സഹകരണസംഘം രജിസ്ട്രാറുടെയും റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെയും നിർദ്ദേശങ്ങൾക്ക് വിധേയമായി ബാങ്ക് ഭരണസമിതി നിശ്ചയിക്കും.

4. തിരിച്ചടവ് പ്രതിമാസ തവണകളായി.

5. ഓഹരി അനുപാതം ബാങ്ക് ബൈലാ പ്രകാരം.

6. ജാമ്യം–നിർദ്ദിഷ്ട വസ്തുവും വീടും/വസ്തു വായ്പയ്ക്ക് ഹാജരാക്കേണ്ട രേഖകളും കെട്ടിട ത്തിന്റെ കരമടച്ച രസീതും നൽകേണ്ടതാണ്.

<u>മറ്റ് നിബന്ധനകൾ</u>

1. ബാങ്കിൽ ലോൺ ആവശ്യത്തിലേക്ക് ഈടുവയ്ക്കാൻ ഉദ്ദേശിക്കുന്ന വസ്തുവിന്റെ ആധാര ങ്ങളും പകർപ്പുകളും മറ്റു രേഖകളും ലീഗൽ അഡ്വൈസർക്ക് കൊടുത്ത് നിയമപരമായ ബാദ്ധ്യ തകൾ ഒന്നും ഇല്ല എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

2. ബ്രാഞ്ച് മാനേജർ വീടും വസ്തുവും പരിശോധിച്ച് ലോൺ നൽകുന്നതിന് ഈടായി വയ്ക്കുന്ന തിനുതകുന്നതാണെന്ന റിപ്പോർട്ട് നൽകേണ്ടതാണ്.

3. വസ്തു വാങ്ങുന്ന വ്യക്തിയും കൊടുക്കുന്നയാളും തമ്മിലുള്ള ഒരു എഗ്രിമെന്റ് എഴുതി ബാങ്കിൽ ഏൽപ്പിക്കേണ്ടതാണ്.

4. വാങ്ങുന്ന വ്യക്തി നൽകുന്ന അഡ്വാൻസ് തുക ബാങ്കിൽ നിക്ഷേപിക്കേണ്ടതും ബാങ്ക് വഴി വിൽക്കുന്ന ആളിന് നൽകേണ്ടതുമാണ്.

5. പ്രമാണം രജിസ്റ്റർ ചെയ്യുന്ന ദിവസം ബ്രാഞ്ച് മാനേജർ വായ്പതുക Pay Order/RTGS/NEFT ആയി വിൽക്കുന്ന വ്യക്തിക്ക് നൽകുകയും പ്രമാണം പോക്കുവരവ് ചെയ്ത് ബാങ്കിന് നൽകാവുന്നതാണെന്ന ഒരു അഫിഡാവിറ്റ് എഴുതി നൽകേണ്ടതുമാണ്.

കോസ്റ്റൽ ഇൻസ്റ്റിറ്റ്യൂഷണൽ ലോൺ (CIL)

1. ആശുപത്രികൾ, ക്ലിനിക്കുകൾ, ഡിസ്പെൻസറികൾ, ഓഫ്സെറ്റ് പ്രസ്സുകൾ, എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ്, ചാരിറ്റബിൾ ട്രസ്റ്റ്, ഹോട്ടൽ, ലോഡ്ജ്, വിനോദ സഞ്ചാരമേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, കയർ, കശുവണ്ടി മേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, മത്സ്യബന്ധന വിപണന മേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, കെട്ടിട നിർമ്മാണ മേഖലയിലെ സ്ഥാപനങ്ങൾ തുടങ്ങി ബാങ്കിന് എതിരായ കച്ചവട താൽപര്യങ്ങളിൽ ഏർപ്പെടാത്ത കച്ചവടങ്ങളിൽ ഏർപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളുടെ അധികാരികൾക്കും (ഒറ്റയ്ക്കോ, ഗ്രൂപ്പായോ) മത്സ്യഫെഡിന്റെ കീഴിലുള്ള സംഘങ്ങൾക്കും നിയമാവലിയിൽ നിർവ്വചിച്ചിട്ടുള്ള പ്രകാരമുള്ള സംഘങ്ങൾക്കും മെഷീനറി & എക്യുപ്മെന്റ്സ്, ആഫീസ് ഫിറ്റിംഗ്സ്, ഫർണീച്ചർ എന്നിവ വാങ്ങുന്നതിനും, ആഫീസ്, കെട്ടിടങ്ങൾ എന്നിവ നിർമ്മിക്കുന്നതിനും, റിപ്പയർ ആന്റ് മെയിന്റനൻസ്, എക്സ്റ്റൻഷൻസ് എന്നീ ആവശ്യങ്ങൾക്കും ഈ വായ്പ അനുവദിക്കാവുന്നതാണ്.
2. മത്സ്യഫെഡിനു കീഴിലുള്ള സംഘങ്ങളിലെയും മത്സ്യമേഖലയിലെ സംഘങ്ങളിലെയും അംഗങ്ങൾക്ക് മത്സ്യബന്ധനവള്ളം, ബോട്ട് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് ക്വട്ടേഷൻ തുകകളുടെ 50% തുക വരെ ഹൈപ്പോത്തിക്കേഷനു പുറമേ രണ്ടു ഭരണസമിതി ഭാരവാഹികളുടെ ജാമ്യത്തിലും, ഒരു ലക്ഷത്തിനു മുകളിൽ ഉള്ള വായ്പകൾക്ക് ഹൈപ്പോത്തിക്കേഷനു പുറമേ കൊളാറ്ററൽ സെക്യൂരിറ്റിയും ജാമ്യമായി നൽകേണ്ടതാണ്. ഇങ്ങനെ നൽകുന്ന കൊളാറ്ററൽ സെക്യൂരിറ്റികളുടെ വാല്യുവേഷൻ കൂടാതെ മെഷീനറി വിലയുടെ 50% വരെ വാല്യുവേഷന് പരിഗണിക്കാവുന്നതാണ്. മെഷനറിയും കെട്ടിടവും ബാങ്കിന്റെ പേരിൽ ഹൈപ്പോത്തിക്കേറ്റ് ചെയ്ത് ഇൻഷ്വർ ചെയ്ത് നൽകേണ്ടതാണ്. വായ്പയുടെ കാലാവധി തീരുന്നതുവരെ ഇൻഷ്വറൻസ് പോളിസി പുതുക്കി ബാങ്കിനെ ബോധ്യപ്പെടുത്തേണ്ടതുമാകുന്നു. ഇൻഷ്വറൻസ് പോളിസിയിൽ ബാങ്കിന്റെ ബാധ്യത രേഖപ്പെടുത്തേണ്ടതുമാകുന്നു.
3. കാലാവധി –15 ലക്ഷം രൂപ വരെയുള്ള വായ്പയുടെ കാലാവധി 60 മാസവും അതിനുമുകളിലുള്ള വായ്പയുടെ പരമാവധി തിരിച്ചടവ് കാലാവധി 120 മാസവും ആയിരിക്കും.
4. ഓഹരി അനുപാതം ബാങ്ക് ബൈലാ പ്രകാരം.
5. പലിശനിരക്ക്, വായ്പതുക എന്നിവ അതാത് കാലങ്ങളിൽ സഹഃസംഘം രജിസ്ട്രാറുടെയും റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെയും നിർദ്ദേശങ്ങൾക്ക് വിധേയമായി ഭരണസമിതി നിശ്ചയിക്കും.
6. വായ്പ തിരിച്ചടവ് പ്രതിമാസ തവണകൾ ആയിരിക്കും.
7. ഈ പദ്ധതിപ്രകാരമുള്ള വായ്പാ അപേക്ഷകൾ ബാങ്കിൽ നിന്നും നൽകുന്ന നിശ്ചിത ഫോറത്തിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം കെട്ടിടം നിർമ്മിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുമുള്ള plan & estimate , building permission ഹാജരാക്കേണ്ടതാണ്. മെഷനറികൾക്കും മറ്റും ക്വട്ടേഷനും ഹാജരാക്കണം.
8. എല്ലാ വായ്പ അപേക്ഷകളും ബ്രാഞ്ചുമാനേജരുടെ വാല്യുവേഷൻ റിപ്പോർട്ടിന്റെയും വാല്യൂവേറ്റർ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലും ജനറൽ മാനേജരുടെ ശുപാർശയോടു

കൂടി ബോർഡിൽ സമർപ്പിക്കേണ്ടതും, ബോർഡ് അനുവദിക്കുന്ന തുക വായ്പക്കാരൻ കൈപ്പ റ്റേണ്ടതുമാണ്.

9. വായ്പതുക തവണകളായി വിതരണം ചെയ്യാവുന്നതാണ്.

10. തുടർച്ചയായി മൂന്നുതവണ മുടക്കം വരുത്തുന്ന വായ്പക്കാരിൽ നിന്നും കാലാവധി പരിഗ ണിക്കാതെ തുക ഒന്നാകെ ഈടാക്കുന്നതിന് ബാങ്കിന് അധികാരമുണ്ടായിരിക്കുന്നതാണ്.

ക്യാഷ് ക്രെഡിറ്റ് (CC)

1. ബാങ്കിലെ 'A' ക്ലാസ് അംഗങ്ങൾക്ക് അവരുടെ വ്യവസായ വാണിജ്യ ആവശ്യങ്ങൾക്ക് വേണ്ടി നൽകുന്ന വായ്പ.
2. പണയവസ്തുവിന്റെ മതിപ്പുവിലയുടെ 50% മോ ക്യാഷ് ക്രെഡിറ്റിന് പണയമായി നൽകുന്ന സ്റ്റോക്കിന്റെ 50% മോ ഏതാണോ കുറവ് ആ തുക ഇഉ ആയി അനുവദിക്കാവുന്നതാണ്.
3. കാലാവധി – 1 വർഷം.
4. പലിശനിരക്ക്, വായ്പാതുക എന്നിവ സഹകരണസംഘം രജിസ്ട്രാറുടെയും റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെയും നിബന്ധനകൾക്കു വിധേയമായി ബോർഡ് തീരുമാനിക്കുന്നു.
5. ഓഹരി അനുപാതം ബാങ്ക് ബൈലാപ്രകാരം.
6. **ജാമ്യം** : 1) സ്റ്റോക്ക് 2) ഭൂസ്വത്ത് 3) സ്വർണ്ണം

<u>മറ്റ് നിബന്ധനകൾ</u>

1. വ്യാപാര സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ക്യാഷ് ക്രെഡിറ്റ് വായ്പകളിൽ സ്റ്റോക്ക് ഈടായി സ്വീകരിക്കേണ്ടതാണ്. ആകെയുള്ള സ്റ്റോക്ക് വിലയുടെ 50% ഈടായി കണക്കാക്കാൻ പാടുള്ളൂ. എളുപ്പത്തിൽ കേടാവുന്ന സാധനങ്ങൾ ഈടായി സ്വീകരിക്കാൻ പാടുള്ളതല്ല.

   1,00,000/– രൂപയിൽ അധികരിച്ച വായ്പകൾ ബാങ്കിന്റെ പേരിൽ സ്റ്റോക്ക് ഇൻഷ്വൂർ ചെയ്യേണ്ട താണ്. അപേക്ഷകർ വിറ്റുവരവ് സ്റ്റേറ്റ്മെന്റ്, സ്റ്റോക്ക് സ്റ്റേറ്റ്മെന്റ്, വിൽപ്പന നികുതി റിട്ടേൺ കോപ്പി, ബാലൻസ് ഷീറ്റ് എന്നിവ ഫയൽ ചെയ്യേണ്ടതാണ്. അപേക്ഷയിൽ പറഞ്ഞ സ്ഥാപനം നടത്തുന്നതിന് ലഭിച്ച ലൈസൻസ് കോപ്പി ഹാജരാക്കേണ്ടതാണ്. അപേക്ഷകർ ഇതേ ആവശ്യ ത്തിന് മറ്റ് ധനകാര്യ സ്ഥാപനത്തിൽ നിന്ന് വായ്പ എടുത്തിട്ടില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. പ്രതിമാസം സ്റ്റോക്ക് സ്റ്റേറ്റ്മെന്റ് ബാങ്കിൽ ഹാജരാക്കേണ്ടതാണ്. എൻ.പി.എ. ആയ വായ്പകൾ തിരിച്ചടയ്ക്കുന്നതിന് നിയമനടപടികൾ സ്വീകരിക്കുന്നതാണ്.
2. ക്യാഷ് ക്രെഡിറ്റ് അക്കൗണ്ടിൽ പരമാവധി ഇടപാടുകൾ നടത്തിയിരിക്കണം. മാസത്തിൽ ചുരു ങ്ങിയത് 10 ഇടപാടുകൾ എങ്കിലും നടത്തിയിരിക്കണം. വായ്പക്കാരൻ എല്ലാ ഇടപാടുകളും ക്യാഷ് ക്രെഡിറ്റ് അക്കൗണ്ടിൽ കൂടി നടത്തേണ്ടതാണ്. വായ്പാതുക അതാത് ആവശ്യത്തിനുത ന്നെയാണ് ഉപയോഗിച്ചതെന്ന് ശാഖാ മാനേജർമാർ പരിശോധന നടത്തി ഉറപ്പ് വരുത്തേണ്ടതാ ണ്.
3. വായ്പാതുക അതാത് ആവശ്യത്തിന് ഉപയോഗിച്ചില്ലെങ്കിൽ അക്കൗണ്ട് ടെർമിനേറ്റ് ചെയ്ത് വായ്പാതുകയും പലിശയും ഉടനെ അടപ്പിക്കേണ്ടതാണ്. മത്സ്യബന്ധനത്തിനും കച്ചവടത്തിനും കൊടുക്കുന്ന വായ്പകളിൽ ബോട്ടിന്റെ ആർ. സി. ബുക്ക്, ഡ്രൈവിംഗ് ലൈസൻസ് കോപ്പി, ബോട്ട് ഇൻഷ്വുറൻസ് കോപ്പി എന്നിവ വാങ്ങിക്കേണ്ടതാണ്.

4. ക്യാഷ് ക്രെഡിറ്റ് ലോണി അയാളുടെ സ്ഥാപനത്തിന്റെ സ്റ്റോക്കുകളുടെ ഒരു സ്റ്റോക്ക് സ്റ്റേറ്റ്മെന്റ് ഹാജരാക്കേണം.

5. ക്യാഷ് ക്രെഡിറ്റിന്റെ പലിശ കണക്കാക്കുന്നത് ഓരോ മാസവും ആയിരിക്കും.

6. ഡ്യൂ ഡേറ്റിൽ ക്ലോസ് ചെയ്തില്ല എങ്കിൽ പലിശയും 2% പിഴ പലിശയും ഈടാക്കാവുന്നതാണ്.

7. ബാങ്ക് ഓഫീസർമാർക്ക് ഏതുസമയത്തും സ്റ്റോക്ക് പരിശോധിക്കാവുന്നതാണ്.

8. ഭൂസ്വത്തുക്കൾ ഒഴികെയുള്ളവ ഇൻഷ്വർ ചെയ്യണം.

വർക്കിംഗ് ക്യാപിറ്റൽ ടേം ലോൺ (WCTL)

1. ബിസിനസ് ആവശ്യത്തിലേക്ക് ഈടുനൽകുന്ന വസ്തുവിന്റെ 50% വരെ തുക നൽകാവുന്നതാണ്.

2. കാലാവധി – 10 വർഷം വരെ.

3. പലിശനിരക്ക്, വായ്പതുക എന്നിവ സഹകരണസംഘം രജിസ്ട്രാറുടെയും റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെയും നിബന്ധനകൾക്ക് വിധേയമായി ബോർഡ് തീരുമാനിക്കുന്നു.

4. ഓഹരി അനുപാതം – ബാങ്ക് ബൈലാ പ്രകാരം.

5. ലോൺ എടുക്കുന്ന വ്യക്തി ബാങ്കിൽ കറണ്ട് അക്കൗണ്ട് ആരംഭിക്കേണ്ടതും ആവശ്യമെങ്കിൽ ലോൺ തുകയുടെ 20% മോ, സ്റ്റോക്കിന്റെ 33% മോ ഏതാണ് കുറവ്. ആ തുക ഓവർ ഡ്രാഫ്റ്റായി അനുവദിക്കാവുന്നതുമാണ്. വർക്കിംഗ് ക്യാപിറ്റൽ ടേം ലോണിൽ മുതലിനത്തിൽ തിരികെ അടയ്ക്കുന്ന തുകയ്ക്ക് തുല്യമായ തുക മാത്രമേ ഓവർഡ്രാഫ്റ്റ് ആയി അനുവദിക്കുകയുള്ളൂ. ഈ ഓവർ ഡ്രാഫ്റ്റിന്റെ കാലാവധി ലോണിന്റെ കാലാവധിയുടെ പകുതിയായിരിക്കും.

മറ്റ് നിബന്ധനകൾ

6. വ്യാപാര സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന വായ്പകളിൽ സ്റ്റോക്കും ഈടായി സ്വീകരിക്കേണ്ടതാണ്. ആകെയുള്ള സ്റ്റോക്ക് വിലയുടെ 50% ഈടായി കണക്കാക്കാൻ പാടുള്ളു. എളുപ്പത്തിൽ കേടാവുന്ന സാധനങ്ങൾ ഈടായി സ്വീകരിക്കാൻ പാടുള്ളതല്ല.

7. ബാങ്കിന്റെ പേരിൽ സ്റ്റോക്ക് ഇൻഷ്വർ ചെയ്യേണ്ടതും അപേക്ഷകർ വിറ്റുവരവ് സ്റ്റേറ്റ്മെന്റ്, വിൽപന നികുതി റിട്ടേൺ കോപ്പി, ബാലൻസ് ഷീറ്റ് എന്നിവ ഫയൽ ചെയ്യേണ്ടതുമാണ്. അപേക്ഷയിൽ പറഞ്ഞ സ്ഥാപനം നടത്തുന്നതിനുള്ള ലൈസൻസ് കോപ്പി നൽകേണ്ടതാണ്. അപേക്ഷകർ ഇതേ ആവശ്യത്തിന് മറ്റ് സ്വകാര്യ സ്ഥാപനങ്ങളിൽ നിന്ന് ലോൺ എടുത്തിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്. പ്രതിമാസം സ്റ്റോക്ക് സ്റ്റേറ്റ്മെന്റ് ഹാജരാക്കേണ്ടതാണ്.

8. ഭൂസ്വത്തുക്കൾ ഒഴികെയുള്ളവ ഇൻഷ്വർ ചെയ്യണം.

9. മത്സ്യബന്ധനത്തിനും കച്ചവടത്തിനും കൊടുക്കുന്ന വായ്പകളിൽ ബോട്ടിന്റെ ഞജ ആ്ീസ, ഡ്രൈവിംഗ് ലൈസൻസ്, ബോട്ട് ഇൻഷ്വറൻസ് എന്നിവകളുടെ കോപ്പി വാങ്ങി സൂക്ഷിക്കേണ്ടതാണ്.

10. ബാങ്ക് ഓഫീസർമാർക്ക് ഏതു സമയത്തും സ്റ്റോക്ക് പരിശോധിക്കാവുന്നതാണ്.

ഹൈപ്പോത്തിക്കേഷൻ & സെൽഫ് എംപ്ലോയ്മെന്റ് ലോൺ (HPSEL)

1. ബാങ്കിലെ 'A' ക്ലാസ് അംഗങ്ങൾക്ക് സ്വയം തൊഴിലിനുവേണ്ടി മത്സ്യബന്ധനം, വാണിജ്യം, ടൂറിസം, ഗതാഗതം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ വാഹനങ്ങൾ, വള്ളം, ബോട്ട്, മെഷീനറികൾ എന്നിവ വാങ്ങുന്നതിന് ബാങ്കിൽ നിന്നും വായ്പ നൽകുന്നതാണ്.
2. വാഹനത്തിന്റെ/മെഷീനറിയുടെ/വള്ളം/ബോട്ട് വിലയുടെ 80% വരെ വായ്പ നൽകാവുന്നതാണ്.
3. വായ്പ കാലാവധി – 84 മാസം വരെ.
4. ഓഹരി അനുപാതം ബാങ്ക് ബൈലാ പ്രകാരം.
5. പലിശനിരക്ക്, വായ്പതുക എന്നിവ അതാത് കാലങ്ങളിൽ സഹഃസംഘം രജിസ്ട്രാറുടെയും റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെയും നിർദ്ദേശങ്ങൾക്ക് വിധേയമായി ബാങ്ക് ഭരണസമിതി നിശ്ചയിക്കുന്നതാണ്.
6. തിരിച്ചടവ് പ്രതിമാസം ഗഡുക്കൾ ആയിരിക്കും.
7. **ജാമ്യം:–**

    1) Rs. 500000/ രൂപ വരെ

    വാങ്ങുന്ന വാഹനത്തിന്റെ/വള്ളം/ബോട്ട്/മെഷിനറിയുടെ പണയം +ഒരു ആൾ ജാമ്യം.

    2) Rs.500000/ രൂപ മുതൽ

    വാങ്ങുന്ന വാഹനത്തിന്റെ/വള്ളം/ബോട്ട്/മെഷിനറിയുടെ പണയം + മതിയായ സാലറി റിക്കവറി സർട്ടിഫിക്കറ്റ് + ഒരു ആൾ ജാമ്യം.

    അല്ലെങ്കിൽ

    വാങ്ങുന്ന വാഹനത്തിന്റെ / വള്ളം/ബോട്ട്/മെഷിനറിയുടെ പണയം + വാങ്ങുന്ന വാഹനത്തിന്റെ/ബോട്ട്/വള്ളം മെഷിനറിക്ക് തത്തുല്യമായ തുകയ്ക്കുള്ള ഫിക്സഡ് ഡിപ്പോസിറ്റ് + ആൾ ജാമ്യം.

    2) Rs. 500000/ നു മുകളിൽ

    വാങ്ങുന്ന വാഹനത്തിന്റെ/വള്ളം/ബോട്ട്/മെഷീനറിയുടെ പണയം + തത്തുല്യമായ തുകയ്ക്കുള്ള ഭൂസ്വത്ത് ജാമ്യം + ആൾ ജാമ്യം.
8. വാഹനം/വള്ളം/ബോട്ട്/മെഷിനറി എന്നിവ ലോൺ കാലാവധി തീരുന്നതുവരെ ബാങ്കിലേക്ക് ഇൻഷ്വർ ചെയ്തു നൽകേണ്ടതും സ്ഥാപനമാണെങ്കിൽ ലൈസൻസിന്റെ പകർപ്പ്, അതാത് വർഷത്തെ വരവ് ചെലവ് കണക്ക്, സ്ഥാപനവുമായി ബന്ധപ്പെട്ട മറ്റു രേഖകൾ, ബാലൻസ് ഷീറ്റ് എന്നിവയും ഹാജരാക്കേണ്ടതുമാണ്.
9. ആവശ്യമെങ്കിൽ ഉടമയുടെ പക്കൽ നിന്നും ചെക്കുകൾ വാങ്ങി സൂക്ഷിക്കുകയോ ടആ അ/രൽ നിന്നും ഇൻസ്റ്റാൾമെന്റുകൾ ഈടാക്കുന്നതിനുള്ള മറ്റു മാർഗ്ഗങ്ങളോ സ്വീകരിക്കാവുന്നതാണ്.
10. ജാമ്യം നിൽക്കുന്ന വ്യക്തിയുടെ സാലറി റിക്കവറി സർട്ടിഫിക്കറ്റ്, ഫിക്സഡ് ഡിപ്പോസിറ്റ്, ഭൂസ്വത്ത് എന്നിവ ഈടായി സ്വീകരിക്കാവുന്നതാണ്.
11. വാഹനം/ബോട്ട്/വള്ളം/മെഷിനറി എന്നിവ ബാങ്കിന്റെ പേരിൽ ഹൈപ്പോത്തിക്കേറ്റ് ചെയ്ത് നൽകേണ്ടതാണ്.

12. വാഹനം/ബോട്ടിന്റെ/വള്ളത്തിന്റെ ഹൈപ്പോത്തിക്കേഷനിൽ കൊടുക്കുന്ന വായ്പകളിൽ ആർ.സി ബുക്ക്, ഡ്രൈവിംഗ് ലൈസൻസ്, ഇൻഷ്വറൻസ് എന്നിവയുടെ പകർപ്പ് വാങ്ങി സൂക്ഷിക്കേണ്ട താണ്.

ടേക്ക് ഓവർ വായ്പ

വായ്പ ടേക്ക് ഓവർ ചെയ്യുന്നതിന്റെ വ്യവസ്ഥകൾ

1. കൃത്യമായി അടയ്ക്കുന്ന വായ്പകൾ മാത്രമേ ടേക്ക് ഓവർ ചെയ്യുവാൻ പാടുള്ളൂ.
2. ടി അക്കൗണ്ട് മൂന്ന് വർഷം മുമ്പ് വരെ NPA യിൽ ആയിരിക്കാൻ പാടില്ല.
3. Outstanding Balance തുക മാത്രമായിരിക്കും ടേക്ക് ഓവർ ചെയ്യാൻ സാധിക്കുന്നത്
4. കാലാവധി ബാങ്കിന്റെ വ്യവസ്ഥകൾക്ക് വിധേയം
5. ബന്ധപ്പെട്ട ബാങ്കിൽ നിന്നുള്ള Consent Letter & Non Objection Certificate വാങ്ങണം
6. വായ്പയുമായി ബന്ധപ്പെട്ട എല്ലാ documents – ന്റെയും Loan Sanction Letter & Loan Statement പകർപ്പ് ബാങ്ക് മാനേജർ attest ചെയ്തു ലഭിക്കണം
7. Loan Repayment Capacity തെളിയിക്കുന്ന രേഖകൾ (Salary Certificate / Bank Statement / IT return file ചെയ്ത copy or any other documents related to repaying capacity)
8. ബന്ധപ്പെട്ട ബാങ്കിലേക്ക് വായ്പ close ചെയ്തു DD / RTGS / NEFT ചെയ്യുന്ന ദിവസം തന്നെ Original Documents ബാങ്കിലേക്ക് നൽകുമെന്ന് ഉറപ്പു വരുത്തണം
9. Loan Policy യിലുള്ള മറ്റു വ്യവസ്ഥകൾക്ക് വിധേയം.

കോസ്റ്റൽ സെക്യൂരിറ്റി ലോൺ (CSL)

ബാങ്കിന്റെ അംഗങ്ങൾക്കും നിക്ഷേപകർക്കും , ഇൻഷ്വറൻസ് പോളിസി സറണ്ടർ വാല്യു സർട്ടിഫിക്കറ്റ്, ദേശീയ സമ്പാദ്യസർട്ടിഫിക്കറ്റ്, സ്ഥിരനിക്ഷേപം എന്നിവയുടെ ഈടിന്മേൽ നിക്ഷേപത്തിന്റെ കാലാവധി പരിധിക്കുള്ളിൽ പരമാവധി 82% വരെ. ഓവർ ഡ്രാഫ്റ്റ് ആയും തവണകളായും അല്ലാതെയും ബ്രാഞ്ച് മാനേജർമാർക്ക് അനുവദിക്കാവുന്ന വായ്പാ പദ്ധതിയാണിത്.

1. നമ്മുടെ ബാങ്കിലെ നിക്ഷേപങ്ങൾക്ക് നിക്ഷേപത്തുകയുടെ പരമാവധി 82% വരെയും മറ്റ് സ്ഥാപനങ്ങളിലെ നിക്ഷേപങ്ങൾക്ക് പരമാവധി 80% വരെയും ആയിരിക്കും വായ്പത്തുക അനുവദിക്കുക.

2. വായ്പാത്തുക ഇതിനായി ഓപ്പൺ ചെയ്യുന്ന പ്രത്യേക അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് ചെക്ക് ബുക്ക്, പാസ്സ് ബുക്ക് എന്നിവ അനുവദിച്ചു നൽകുന്നതാണ്.

3. വായ്പയുടെ പലിശ കോസ്റ്റൽ ബാങ്കിലെ ഡെപ്പോസിറ്റിന്റെ ഈടിന്മേൽ നൽകുന്ന വായ്പയ്ക്ക് ഡെപ്പോസിറ്റിന്റെ പലിശ നിരക്കിനേക്കാൾ 2% അധികം ഈടാക്കുന്നതും മറ്റു സ്ഥാപനങ്ങളിലെ നിക്ഷേപമാണ് ഈടു നൽകുന്നതെങ്കിൽ ഇതിന് റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടേയും സഹകരണസംഘം രജിസ്ട്രാറുടെ നിർദ്ദേശങ്ങൾക്കു വിധേയമായി ബാങ്ക് ഭരണസമിതി നിശ്ചയിക്കുന്ന പലിശ ഈടാക്കുന്നതാണ്.

	Name of Loan	Loan Limit	Rate of Interest
1.	GL	10000000	8.5%
2.	MTL	60000	13.5% for 5 yrs
3.	SPL	50000	13.5% for 5 yrs
4.	BL	100000	13.5% for 5 yrs
5.	PL	300000	13.5% for 5 yrs
6.	SCSL	500000	12.5%
7.	CTL/CEL	500000	13.5% for 5 yrs
8.	CPL	300000	13.5% for 5 yrs
9.	VL	2500000	10.5% for 7 yrs
10	NPMTL (Consumer Loan)	500000	13.5% for 5 yrs
11.	OL	10000000	13% for 15 yrs
12.	HL	10000000	11% for 20 yrs
13.	RBHL	10000000	11% for 20 yrs
14.	CIL	50000000	13% for 15 yrs

15.	CC	10000000	13.5% for 1 yrs
16.	WCTL	50000000	13%
17.	HPSEL	5000000	13%
18.	CSL	നിക്ഷേപ തുകയ്ക്ക് ആനുപാതികം	കോസ്റ്റൽ ബാങ്കിലെ ഡെപ്പോസിറ്റിന്റെ നിരക്കിനേക്കാൾ 2% അധികം/മറ്റുസ്ഥാപനങ്ങളിലെ നിക്ഷേപ സർട്ടിഫിക്കറ്റുകളുടെ ഈടന്മേൽ 12%